പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.436 | | | 27.02.2018 ൽ മറുപടി പറയേണ്ടിയിരുന്നത് |
|---|---|---|---|
| പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ | | | |
| ചോദ്യം<br><br>ശ്രീ അൻവർ സാദത്ത് | | | ഉത്തരം<br><br>പി. രാജീവ്<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സാധിച്ചു. |
| (ബി) | ഈ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (ബി) | ഉൽപ്പാദന സംവിധാന-ങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം, സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ, സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകൽ, റിയാബ് മുഖേന മാസം |

| | | | |
|---|---|---|---|
| | | | തോറുമുള്ള പ്രവർത്തന അവലോകനം എന്നീ നടപടികൾ സ്വീകരിച്ചു. |
| (സി) | നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്; | (സി) | 2016 - 17 വർഷത്തെ കണക്ക് പ്രകാരം 27 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു. |
| (ഡി) | ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ 2016 - 17 ൽ മുൻവർഷത്തെ അപേക്ഷിച്ച് എന്ത് തുക സഞ്ചിത ലാഭം നേടിയിട്ടുണ്ട്; | (ഡി) | വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഇ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2016 - 17 ൽ മുൻവർഷത്തെ അപേക്ഷിച്ച് എന്ത് തുക സഞ്ചിത നഷ്ടം വരുത്തിയിട്ടുണ്ട്; | (ഇ) | വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | അക്കൗണ്ടന്റ് ജനറലുമായി യോജിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോർമൻസ് ആഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോർമൻസ് ആഡിറ്റുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് മുഖേന നടത്തുന്ന സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

**Annexure 1**

| Sl.No. | Name of Enterprise | Accumulated Loss (Amount in Lakhs) | |
|---|---|---|---|
| | | 2016 - 17 | 2015 - 16 |
| 1. | Traco Cable Company Limited | 6,512.82 | 6,646.76 |
| 2. | The Travancore – Cochin Chemicals Limited | 1,978.63 | 2,535.80 |
| 3. | Travancore Titanium Products Limited | 157.11 | 1,053.51 |
| 4. | Transformers & Electricals Kerala Ltd | Nil | Nil |
| 5. | Steel & Industrial Forgings Ltd | Nil | Nil |

Section Officer

Annexure - II

## LIST OF ENTERPRISES WITH ACCUMULATED LOSS

(Amount in Rs. lakh)

| No. | Name of Enterprise | Accumulated Loss | |
|---|---|---|---|
| | | 2016-17 | 2015-16 |
| 1 | The Kerala State Cashew Development Corporation Limited | 1,18,852.06 | 1,27,564.61 |
| 2 | Kerala State Electronics Development Corporation Limited | 19,355.24 | 20,071.11 |
| 3 | Kerala State Textile Corporation Limited | 19,145.32 | 16,209.78 |
| 4 | Kerala Electrical & Allied Engineering Company Limited | 16,468.11 | 14,742.11 |
| 5 | Autokast Limited | 14,664.90 | 13,515.55 |
| 6 | Kerala State Drugs & Pharmaceuticals Limited | 10,586.35 | 10,062.96 |
| 7 | Kerala State Handloom Development Corporation Limited | 8,454.81 | 7,679.27 |
| 8 | The Kerala Ceramics Limited | 8,001.26 | 7,498.41 |
| 9 | Kerala Small Industries Development Corporation Limited | 6,807.88 | 5,523.37 |
| 10 | Sitaram Textiles Limited | 6,633.76 | 6,054.11 |
| 11 | Traco Cable Company Limited | 6,512.82 | 6,646.76 |
| 12 | Kerala Automobiles Limited | 6,495.55 | 6,027.43 |
| 13 | The Travancore Cements Limited | 6,394.00 | 5,115.00 |
| 14 | SAIL-SCL Kerala Limited | 6,247.00 | 4,877.00 |
| 15 | Kerala State Bamboo Corporation Limited | 5,799.42 | 4,865.79 |
| 16 | Keltron Component Complex Limited | 4,490.82 | 4,447.18 |
| 17 | United Electrical Industries Limited | 4,070.70 | 3,163.05 |
| 18 | Handicrafts Development Corporation of Kerala Limited | 3,360.91 | 3,007.03 |
| 19 | Steel Industrials Kerala Limited | 2,800.72 | 2,802.71 |
| 20 | The Travancore-Cochin Chemicals Limited | 1,978.63 | 2,535.80 |
| 21 | The Metal Industries Limited | 1,456.86 | 1,247.68 |
| 22 | Kerala State Palmyrah Products Dev. & Workers' Welfare Corporation Ltd | 273.57 | 229.44 |
| 23 | Keltron Electro Ceramics Limited | 232.75 | 254.83 |
| 24 | Kerala State Mineral Development Corporation Limited | 206.73 | 198.85 |
| 25 | Travancore Titanium Products Limited | 157.11 | 1,053.51 |
| 26 | Kerala Artisans Development Corporation Limited | 79.20 | 79.23 |
| 27 | Foam Mattings (India) Limited | - | 427.51 |

Source : BPE Review 2016-17

# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3385 08.11.2019 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളുടെ വാർഷിക പദ്ധതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത്; വിശദമാക്കാമോ; | (എ) | ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളുടെ (ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ) 69 പദ്ധതികൾക്കാണ് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയത്. സർക്കാർ അനുമതി ആവശ്യമുള്ള പദ്ധതികൾ, മാർഗ്ഗരേഖയിൽ പറയാത്തതും എന്നാൽ മുൻവർഷങ്ങളിൽ നടപ്പാക്കിയതുമായ വിവിധ പ്രോജക്ടുകളുടെ സാധൂകരണം, മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ബിൽതുക നൽകാൻ അനുമതി, ഗുണഭോക്തൃ വിഹിതത്തിലെ കുറവ് ഒഴിവാക്കുന്നതിനുള്ള പ്രത്യേക അനുമതി എന്നിവ ഉൾപ്പടെയുള്ള എണ്ണമാണിത്. |
| (ബി) | ഈ വർഷത്തെ വാർഷിക പദ്ധതിയിൽ എത്ര രൂപയാണ് വകമാറ്റി ചെലവഴിക്കാൻ അനുമതി നൽകിയത് എന്നും ഏതെല്ലാം പദ്ധതികൾക്കാണെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | വകമാറ്റി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| സി) | പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശം നൽകുമോ; | (സി) | മാർച്ച് അവസാന ദിവസങ്ങളിൽ ബില്ലുകൾ സമർപ്പിക്കുക വഴി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ബില്ലുകൾ പരിശോധനയോടെ സുഗമമായി പാസാക്കാനും സാധിക്കുന്ന രീതിയിൽ 23.03.2019-ലെ 27/ 2019/ഫിൻ നമ്പർ സർക്കുലർ പ്രകാരം ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു. ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് ഒഴിവാക്കുന്നതിനും സമതുലിതാവസ്ഥ നിലനിർത്തുന്നതിനുമായി വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിമ നിയന്ത്രണങ്ങൾ ഒ |

| | | | |
|---|---|---|---|
| | | | ന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത നിയന്ത്രണം പഞ്ചായത്ത് തല പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 23.03.2019-നകം ട്രഷറിയിൽ സമർപ്പിച്ച മുഴുവൻ ബില്ലുകളും പാസായിട്ടുണ്ട്. അതിനുശേഷം സമർപ്പിച്ച ബില്ലുകളുടെ തുക ഏപ്രിൽ മാസം ആദ്യം തന്നെ മാറി നൽകുന്നതിന് ക്രമീകരണം ഏർപ്പെടുത്തുകയും ഏപ്രിൽ, മെയ് മാസത്തോടെ ഇത്തരം ക്യൂബില്ലുകളുടെ തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്പിൽഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് 15.05. 2019 -ലെ സ.ഉ. (സാധാ)നം. 990/2019/തസ്വഭവ ഉത്തരവ് പ്രകാരവും 12.06.2019-ലെ സ.ഉ. (സാധാ)നം. 1209/2019/തസ്വഭവ ഉത്തരവ് പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 20 ശതമാനംവരെയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 30 ശതമാനം വരെയും അധിക തുകയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ എടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിരുന്നു. 4-10-2019 ലെ ഗ്രാമ , ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളുടെ ആകെ ചെലവ് ശതമാനത്തിന്റെ കണക്കുകൾ പ്രകാരം ,ട്രഷറി നിയന്ത്രണം പഞ്ചായത്ത്തലപദ്ധതിനടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതായി കാണുന്നില്ല. |

**സെക്ഷൻ ഓഫീസർ**

Signed by
Viraj K
Date: 22-01-2024 16:26:39

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4428** 17.05.2017- ൽ മറുപടിയ്ക്ക്

### അംഗപരിമിതർക്ക് സംവരണം

ചോദ്യം
ശ്രീ. പി.കെ. ബഷീർ

മറുപടി
ശ്രീമതി കെ. ശൈലജ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ, പൊതുമേഖലയിൽ കരാർ/ദിവസവേതന/ എംപ്ലോയ്മെന്റ് നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നും, ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 34(1) പ്രകാരം എല്ലാ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ കേഡർ സ്ട്രെങ്തിൽ വരുന്ന ഒഴിവുകളിൽ താഴെ കാണിച്ചിരിക്കുന്ന ഭിന്നശേഷി വിഭാഗക്കാർക്കായി 4% ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുണ്ട്.<br>a) Blindness and Low Vision<br>b) Deaf and Hard of Hearing<br>c) Locomotor Disability including Cerebral Palsy, Leprosy Cured, Dwarfism, Acid attack victims and Muscular Dystrophy<br>d) Autism, Intellectual Disability, Specific Learning Disability and Mental Illness<br>e) Multiple Disabilities from amongst persons under clauses (a) to (d) including Deaf Blindness in the posts identified for each disabilities.<br>ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ വിവിധ വകുപ്പുകളിലെ 654 തസ്തികകളിലും തുടർന്ന് "ഫങ്ഷണാലിറ്റി അസസ്സ്മെന്റ്" നടത്തി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയേക്കാവുന്ന തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന നിയമനങ്ങളിൽ 4% സംവരണം നടപ്പിലാക്കുന്നതിന് സ. ഉ. (അച്ചടി) നം. 2/2023/സാ.നീ.വ. തീയതി 09.06.2023 |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതന/ എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച അംഗപരിമിതരെ അവരുടെ ഡിസെബിലിറ്റിയുടെ ശതമാനം പരിഗണിച്ചുകൊണ്ട്, ഒരു വർഷത്തിലധികമായവരെ അതത് വകുപ്പുകളിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്ക്, അവർ ജോലി ചെയ്തിരുന്ന അതേ തസ്തികയിൽ, അതേ ഓഫീസിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 18.05.2013 തീയതിയിലെ സ.ഉ.(പി) നം. 40/2013/സാ.നീ.വ. പ്രകാരം പുനർനിയമനം ലഭ്യമാക്കിയിരുന്നു. എന്നാൽ കരാർ/ ദിവസവേതന/എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച് ഒരു വർഷത്തിലധികമായവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സാമൂഹ്യനീതിവകുപ്പ് വഴി നടപ്പിലാക്കുന്നില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരത്തിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ